## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6947 13.7.2012-ൽ മറുപടിയ്ക്ക്

# മംഗലം ഡാം സ്രോതസ്സായ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | പി.ജെ ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ, തരൂർ മണ്ഡലങ്ങളിലെ വണ്ടാഴി, കിഴക്കഞ്ചേരി, വടക്കാഞ്ചേരി പഞ്ചായത്തുകൾക്കായി മംഗലംഡാം സ്രോതസ്സായി വിഭാവന ചെയ്തിട്ടുള്ള കുടിവെള്ളപദ്ധതിക്ക് ജല ലഭ്യത ഉറപ്പുവരുത്തുന്നതു സംബന്ധിച്ച് ജലവിഭവ വകുപ്പിലെയും കേരള വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | മംഗലം ഡാം സ്രോതസ്സായി വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ഒരു കുടിവെള്ള പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്രോതസ്സും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനായി മംഗലം ഡാമും പരിസരവും 3.11.11ന് ഇറിഗേഷൻ വകുപ്പും, വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷനും സംയുക്തമായി ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പുംകൂടി ഉണ്ടാക്കി അംഗീകാരത്തിനായി ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ജലം മംഗലം ഡാമിൽ നിന്നും അനുവദിക്കാമെന്ന് രേഖ ലഭിച്ചാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കാമോ ? | | |

സെക്ഷൻ ഓഫീസർ